ഉത്തരം

പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ നാല് ശതമാനം പലിശയ്ക്ക് വായ്പ നൽകുന്നതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന "സൗഭാഗ്യ ഭവന പദ്ധതി" സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ദുർബ്ബല വരുമാന വിഭാഗക്കാർക്ക് 4% പലിശയ്ക്ക് ഭവന വായ്പ അനുവദിക്കുന്ന പദ്ധതിയാണ് പരിശോധനയിലുള്ളത്. ഇതിൻ പ്രകാരം ദുർബ്ബല വരുമാന വിഭാഗക്കാർക്ക് ഹഡ്കോയിൽ നിന്ന് വായ്പയെടുത്ത് ഹഡ്കോയുടെ നിബന്ധനകൾക്ക് വിധേയമായി 2.5 ലക്ഷംരൂപ വീതം വായ്പ അനുവദിക്കാനാണ് വിഭാവനം ചെയ്യുന്നത്.

ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളാൻ സ്വീകരിച്ച നടപടികൾ

261(601) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡു വഴി വായ്പയെടുത്ത എത്രപേരുടെ എത്ര രൂപ വരെയുള്ള വായ്പകളാണ് എഴുതിത്തള്ളിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതു വർഷം വരെയുള്ള വായ്പകളാണ് സർക്കാർ എഴുതി തള്ളിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) ഭവന നിർമ്മാണ ബോർഡു വഴി വായ്പയെടുത്ത ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ എഴുതിത്തള്ളാൻ സർക്കാർ തയ്യാറാവുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 38384 മൈത്രി ഗുണഭോക്താക്കളുടെ 28,000-രൂപയുടെ വായ്പയും, രോഗികളും അശരണരുമായവരുടെ വ്യക്തിഗത വായ്പാ ഇനത്തിൽ 38 പേരുടെ 3 ലക്ഷം രൂപവരെയുള്ള വായ്പാ കുടിശ്ശിക തുകയും എഴുതിത്തള്ളുകയുണ്ടായി.

(ബി) മൈത്രി വിഭാഗത്തിൽ 2006 വരെയുള്ള വായ്പയും, രോഗികളും അശരണരുമായ വ്യക്തിഗത വായ്പാ ഇനത്തിൽ 2000 വർഷം വരെയുള്ളതുമായ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 20-5-2009-ലെ സ.ഉ. (എം.എസ്) നമ്പർ 21/2009/ഭവനം എന്ന ഉത്തരവിലൂടെ 1977 മുതൽ 1996 വരെ നടപ്പിലാക്കിയ ദുർബ്ബല വിഭാഗത്തിൽപ്പെട്ട 15 ഭവന വായ്പാ പദ്ധതികളിലെ മുഴുവൻ ഗുണഭോക്താക്കളുടെയും വായ്പാ ബാദ്ധ്യത സർക്കാർ എഴുതിത്തള്ളുകയുണ്ടായി. ദുർബല വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ മൈത്രി ഭവന പദ്ധതി പ്രകാരം ഭാഗീകമായി മാത്രം വായ്പാ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ വായ്പാ കുടിശിക എഴുതിത്തള്ളുന്ന കാര്യം പരിശോധിച്ചു വരുന്നു.

ഭവന നിർമ്മാണ ബോർഡിന്റെ വിഭവ സമാഹർണത്തിനുള്ള പദ്ധതികൾ

262(602) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വിഭവ സമാഹരണത്തിന് ഈ സാമ്പത്തിക വർഷം ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പാലിക്കിയെന്നും, ഏതെല്ലാം ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഈ സാമ്പത്തിക വർഷം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.

I. 2014-15 വർഷത്തെ സർക്കാർ ബജറ്റിലൂടെ ഇക വകയിരുത്തിയിട്ടുള്ള പദ്ധതികൾ

1. ഗൃഹശ്രീ ഭവന പദ്ധതി
2. സാഫല്യം ഭവന പദ്ധതി
3. ഇന്നോവേറ്റീവ് ഭവന പദ്ധതി-പൂജപ്പുരയിൽ ഫേസ് 4 ആയി 24 ഫ്ലാറ്റുകളുടെ നിർമ്മാണം
4. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ
5. ഹരിപ്പാട് റവന്യൂ ടവർ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly